**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 30** **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിലെ ജീവനക്കാർക്ക് അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിലെ ജീവനക്കാർക്ക് അലവൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നിലവിലെ അലവൻസ് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കിഫ്ബിയിൽ സർക്കാർ ജീവനക്കാർക്ക് തസ്തിക അനുസരിച്ച് 3000 രൂപ മുതൽ 10000 രൂപ വരെ അലവൻസ് അനുവദിക്കുന്നുണ്ട്. |
| (ബി) | അഞ്ചു വർഷം കൊണ്ട് അൻപതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനം നടപ്പിലാക്കും എന്ന് വാഗ്ദാനം നൽകി രൂപീകരിച്ച കിഫ്ബിക്ക് അതിന്റെ പത്തു ശതമാനം പോലും നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ അലവൻസ് നൽകുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ? | (ബി) | കേരളത്തിന്റെ അടിസ്ഥാന സൌകര്യ മേഖല വർഷങ്ങളായി അഭിമുഖീകരിച്ചു കൊണ്ടിരുന്ന അടിസ്ഥാന സൌകര്യവിടവ് നികത്തുന്നതിനും പത്തോ ഇരുപതോ വർഷങ്ങൾക്കു ശേഷം സംഭവിക്കുമായിരുന്ന പശ്ചാത്തല സൌകര്യ പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കി തലമുറ ഭേദമില്ലാതെ സമത്വം ഉറപ്പുവരുത്തുന്നതിനും കിഫ്ബി ചാലക ശക്തിയായി പ്രവർത്തിക്കുന്നു എന്നുള്ളത് ഇതിനകം തെളിയിക്കപ്പെട്ട വസ്തുതയാണ്. സാമ്പത്തിക രംഗത്ത് നിലനിന്നിരുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും 2016 ൽ ഏകദേശം 50000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കണം എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പുനസംഘടിപ്പിക്കപ്പെട്ട് പ്രാരംഭമായി പ്രവർത്തനം ആരംഭിക്കുന്നത്. എന്നാൽ കിഫ്ബി വിഭാവനം ചെയ്യുന്ന സാമ്പത്തിക മാതൃക പരക്കെ അംഗീകരിക്കപ്പെട്ടുകയും വിപണി വിശ്വാസമാർജ്ജിച്ചതിന്റെയും ഫലമായി ഇന്ന് കിഫ്ബി 63257.74 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി കഴിഞ്ഞു. ഇതിൽ 23197.9 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടറിംഗ് പൂർത്തീകരിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം ഭരണവകുപ്പുകൾക്കും അവർ നിയമിക്കുന്ന എസ്.പി.വി.കൾക്കുമാണെങ്കിലും, മറ്റു പദ്ധതി നിർവ്വഹണങ്ങളിൽ നിന്നും വ്യത്യസ്തമായി, കിഫ്ബി അനുശാസിക്കുന്ന ഗുണനിലവാരവും സമയക്രമവും കൃത്യമായി ഉറപ്പുവരുത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | എസ്.പി.വി കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, ട്രെയിനിംഗ് എന്നിവ കിഫ്‌ബി നൽകി വരുന്നു. നാളിതുവരെ 12832 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ജല വിഭവ വകുപ്പ്, പട്ടികജാതി/പട്ടകവർഗ വികസന വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, കായിക വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിലായി 2956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ദ്രുതഗതിയിലുള്ള ഈ വളർച്ചയ്ക്ക് പിന്നിൽ ജീവനക്കാരുടെ ആത്മാർത്ഥതയും, കഠിനാധ്വാനവും വലുതാണ്. കിഫ്‌ബി വഴി വിഭാവനം ചെയ്തിട്ടുള്ള വലിയ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ജീവനക്കാർ അവരിലർപ്പിതമാക്കപ്പെട്ട കർത്തവ്യം അധികസമയവും, അവധി ദിവസങ്ങളിലും വരെ ജോലി ചെയ്താണ് പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നത്. ജോലിയുടെ സ്വഭാവവും, ഭാരവും, അധിക സമയവും കണക്കിലെടുത്തും, സമാന തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവുമായുള്ള അന്തരം കുറയ്ക്കുന്നതിനുമാണ് അലവൻസ് അനുവദിച്ചു നൽകുന്നത്. ഇത്തരത്തിൽ കിഫ്‌ബിയെ വളർത്തിയെടുക്കുന്നതിനും അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ സമബന്ധിതമായി നടപ്പിലാക്കുന്നതിനും ആത്മാർത്ഥമായും സമയ ക്ലിപ്തത മാറ്റി വെച്ചും പ്രവർത്തിക്കുന്ന ജീവനക്കാരുടെ സേവനത്തെ അംഗീകരിക്കുകയാണ് സർക്കാർ അലവൻസ് അനുവദിച്ചതിലൂടെ ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ